മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ വികാരം ഞാൻ മനസ്സിലാക്കുന്നുണ്ട്. ഏതായാലും അടിയന്തിരപ്രമേയത്തിന് അങ്ങ് നോട്ടീസ് തന്നിട്ടുണ്ട്. അപ്പോൾ നമ്മുക്ക് പറയാനുള്ള കാര്യം ചർച്ച ചെയ്യാം. സ്വീകരിക്കേണ്ട നടപടികൾ ചട്ടം അനുസരിച്ചു പോകാൻ എല്ലാപേരും സഹകരിക്കുക. സമയം തരാം. അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുണ്ടല്ലോ? ആ സമയത്ത് രണ്ടുകൂട്ടർക്കും പറയാനുള്ള കാര്യങ്ങൾ പറയാം.

ശാസ്ത്ര-സാങ്കേതിക ബിരുദധാരികൾക്ക് ജോലി ലഭിക്കാനുള്ള സാധ്യതാപഠനം

*1 [356] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. മുരളി:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ കോളേജുകളിൽ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പുതുതായി അനുവദിക്കുന്ന കോഴ്സുകളിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതയെ സംബന്ധിച്ച് പഠനം നടത്താറുണ്ടോ;

(സി) 2001 മുതൽ ശാസ്ത്ര-സാങ്കേതിക കോളേജുകൾക്കും കോഴ്സുകൾക്കും അനുമതി നൽകിയപ്പോൾ അവയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്തിനകത്തും പുറത്തും ഉണ്ടായേക്കാവുന്ന തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ,

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിലവിലുള്ള യു.ജി.സി. ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ All India Council for Technical Education (AICTE) ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയ എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള ആവശ്യകതയെക്കുറിച്ച് പഠിക്കാൻ 20-11-2004-ലെ സർക്കാർ ഉത്തരവ് ആർ.ടി. നമ്പർ 1533/2004 ഉന്നത വിദ്യാഭ്യാസ വകുപ്പ് നമ്പർ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി രൂപീകരിച്ചതിനുശേഷം നിലവിലുള്ള സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും കൂടുതലായി പുതിയ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും ലഭിക്കുന്ന അപേക്ഷകൾ മേൽപ്പറഞ്ഞ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ എൻ.ഒ.സി. അനുവദിക്കുകയുള്ളൂ. അനുവദിക്കുന്ന എൻ.ഒ.സി-കൾ ഓൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന് (എ.ഐ.സി.ടി.ഇ.) അയച്ചുകൊടുത്ത് പ്രസ്തുത കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ പുതിയ കോഴ്സുകൾക്ക് അനുവാദം നൽകുകയുള്ളൂ.

(ബി ആന്റ് സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലെ കോഴ്സുകളുടെ പാഠ്യക്രമത്തിൽ ആവശ്യമായ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുകൂട്ടണമെന്ന് 16-11-2004-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. 3-12-2004-ൽ കൂടിയ യോഗത്തിൽ മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഉന്നതവിദ്യാഭ്യാസം, ഐ.ടി., വ്യവസായം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ, യു.ജി.സി. വൈസ് ചെയർമാൻ, വിവിധ സർവ്വകലാശാലാ വൈസ് ചാൻസലർമാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഐ.ടി. രംഗത്തെ വിവിധ കമ്പനികളുടെ തലവന്മാർ, വിവര സാങ്കേതിക വിചക്ഷണന്മാർ എന്നിവർ പങ്കെടുത്തു. ശാസ്ത്ര സാങ്കേതിക കോഴ്സുകളുടെ പാഠ്യപദ്ധതി ആഗോളതലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി പരിഷ്ക്കരിക്കണമെന്നും വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത അവബോധം സൃഷ്ടിക്കണമെന്നും യു.ജി.സി.-യുടെ യൂണിവേഴ്സിറ്റി ഇന്ററാക്ഷൻ സെൽ രൂപീകരിക്കണമെന്നും മറ്റുമുള്ള ഒട്ടേറെ തീരുമാനങ്ങൾ ആ യോഗത്തിൽ എടുക്കുകയുണ്ടായി. ഈ വിഷയത്തിന്മേൽ വിശദമായ ശുപാർശകൾ സമർപ്പിക്കാൻ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു കർമ്മ പദ്ധതി ഉടനെതന്നെ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളിലുള്ള പ്ലേസ്മെന്റ് സെല്ലുകൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഗവമെന്റിന്റെ ഈ വർഷത്തെ കർമ്മ പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളുടെ ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ Soft Skill Development Scheme എന്ന ഒരു പദ്ധതി അടുത്ത അദ്ധ്യയന വർഷത്തിൽ കോളേജുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: സാർവ്വത്രിക വിദ്യാഭ്യാസ രംഗത്ത് കേരളം വളരെ മുന്നിലാണ്. പക്ഷേ ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഉന്നത നിലവാരമുള്ള ഒരു സ്ഥാപനം കേരളത്തിലില്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഐ. ടി. മേഖലയിലും മെഡിക്കൽ മേഖലയിലും എഞ്ചിനീയറിംഗ് മേഖലയിലും, ലോകത്തും മറ്റു സംസ്ഥാനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി നമുക്ക് മാറാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴും പല കമ്മിറ്റികളും വയ്ക്കാറുണ്ട്. എങ്കിൽപ്പോലും അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ വേഗത്തിൽ നടപടികൾ എടുക്കുന്നതിന് ഗവണ്മെന്റ് മുന്നോട്ടുവരുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്രയില്ല. ഇൻഡ്യയിൽ എണ്ണപ്പെട്ട സ്ഥാപനങ്ങളായി മാറിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പലതിലും ക്യാംപസ് ഇന്റർവ്യൂവിന്റേയും മറ്റ് കാര്യങ്ങളുടേയും അടിസ്ഥാനത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കാലാനുസൃതമായി ലോകത്ത് വന്നുകൊണ്ടിരിക്കുന്ന സോഷ്യോ-ഇക്കണോമിക് ചേഞ്ചസനുസരിച്ച് ലോകത്തിനാവശ്യമുള്ള മാൻ പവർ ജനറേഷൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടാകണമെന്ന് ഗവണ്മെന്റിന് നിർബ്ബന്ധമുണ്ട്. അതുകൊണ്ടുതന്നെയാണ് കാലാനുസൃതമായി കരിക്കുലം ഭേദഗതി ചെയ്യുകയും അതോടൊപ്പം വ്യവസായങ്ങൾക്കാവശ്യമായ ലിങ്കേജ് പ്രോഗ്രാം വികസിപ്പിച്ചെടുക്കുകയും ചെയ്യുക എന്ന് തീരുമാനം എടുത്തിട്ടുള്ളത്. ഇതനുസരിച്ച് ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽച്ചേർന്ന വിദഗ്ദ്ധൻമാരുടെ യോഗത്തിൽ വച്ച് എടുത്ത തീരുമാന പ്രകാരം ഓരോ യൂണിവേഴ്സിറ്റിയിലും സമയബന്ധിതമായ കർമ്മ പരിപാടി ആവിഷ്കരിക്കുന്നുണ്ട്. ഗവണ്മെന്റ് ഇക്കാര്യത്തിൽ ശക്തമായ മോണിട്ടറിംഗ് നടത്തുന്നതുമാണ്.

പ്രൊഫ. കെ. വി. തോമസ്: കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തുടങ്ങിയത് കൊച്ചിയുമായി ബന്ധപ്പെട്ട വ്യവസായമേഖലകളിൽ വിദഗ്ദ്ധന്മാരുടെ സേവനം ലഭ്യമാക്കുന്നതിനാണ്. അത് മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. വീണ്ടും കൊച്ചിയെ സെൻട്രലൈസ് ചെയ്തുകൊണ്ട് ഐ.ടി. ശൃംഖല, സ്മാർട്ട് സിറ്റി, കണ്ടെയ്നർ ടെർമിനൽ, പുതിയ വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വരുന്നു. അതിനനുസൃതമായി കൊച്ചി സർവ്വകലാശാലയിലെങ്കിലും അതിന്റെ ആദ്യത്തെ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് വരാൻപോകുന്ന വ്യവസായ സ്ഥാപനങ്ങൾക്കനുസൃതമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ മാറ്റാൻ കഴിയുമോ? അതോടൊപ്പംതന്നെ മറ്റ് സർവ്വകലാശാലകളിലെ കോളേജുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്ലേസ്മെന്റ് സെല്ലുകളുണ്ട്. അതുപോലെ ഇവിടേയും വിദ്യാർത്ഥികൾ പഠിക്കുമ്പോൾത്തന്നെ പഠനം പൂർത്തീകരിച്ച് ജോലി കിട്ടുന്ന വിധത്തിൽ പ്ലേസ്മെന്റ് സെൽ തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ പ്രധാന ഉദ്ദേശ്യം, അദ്ദേഹം പറഞ്ഞതുപോലെ, തൊട്ടടുത്തുള്ള വ്യവസായ സ്ഥാപനങ്ങളടക്കമുള്ളവയ്ക്ക് കൺസൾട്ടൻസി, ലിങ്കേജ് പ്രോഗ്രാം എന്നിവയെല്ലാം വികസിപ്പിച്ചെടുക്കുക എന്നുള്ളതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മാത്രമല്ല എല്ലാ യൂണിവേഴ്സിറ്റികളുടേയും ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നെന്ന് പറയുന്നത് ചുറ്റുപാടുമുള്ള വളർച്ചയ്ക്ക് സഹായകരമായിട്ടുള്ള നിലപാട് യൂണിവേഴ്സിറ്റികൾ ഉണ്ടാക്കുക എന്നുള്ളതാണ്. ആ രംഗത്ത് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിയാത്തതുകൊണ്ടാണ് Industry, Research Institutions, All India Regulatory Bodies ഇവയൊക്കെയായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം വളരെ പ്രസക്തമാണ്. കുട്ടികൾക്ക് കൂടുതൽ ഉദ്യോഗസാദ്ധ്യതയ്ക്കുവേണ്ടി ഓരോ കോളേജിനോടും അനുബന്ധിച്ച് പ്ലേസ്മെന്റ് സെല്ലുകൾ സജീവമാക്കുന്ന കാര്യമാണ് അത്. പ്ലേസ്മെന്റ് സെല്ലുകൾ സജീവമാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. ഗവണ്മെന്റ് ഇതുസംബന്ധിച്ച് ഗൈഡ്ലൈൻ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ കോളേജിനോടും അനുബന്ധിച്ച് പ്ലേസ്മെന്റ് സെല്ലുകൾ സജീവമാക്കിക്കൊണ്ടുവരണമെന്നുള്ളതും അത് ഏത് സ്വഭാവത്തിൽ ആയിരിക്കണം എന്നുള്ളതുമെല്ലാം ഗൈഡ്ലൈനിൽ പറഞ്ഞിട്ടുണ്ട്. വളരെയധികം നന്നായി പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെല്ലുകളുണ്ട്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ പ്ലേസ്മെന്റ് സെൽ വളരെ നന്നായി പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊഴിലുടമകളെ ഇവിടെയുള്ള എല്ലാ കോഴ്സുകളെക്കുറിച്ചും അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനാഷണൽ സെമിനാറുകൾക്കൊക്കെ പോയിക്കൊണ്ടിരിക്കുന്നു. അവരെ ഇങ്ങോട്ട് വിളിച്ചു വരുത്തുന്നു. ആ പ്രവണത കേരളത്തിൽ ശക്തിപ്പെട്ട് വരുന്നുണ്ട്. ഓരോ കോളേജിലും പ്ലേസ്മെന്റ് സെൽ സജീവമാക്കുന്ന കാര്യം ഗവണ്മെന്റ് വളരെ താൽപ്പര്യപൂർവ്വം എടുക്കുന്നതാണ്.

പ്രൊഫ. എ. ഡി. മുസ്തഫ: ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിച്ചു എന്നുള്ളതും അവയുടെ തരംതിരിച്ചുള്ള കണക്കും തരാൻ കഴിയുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അത് വളരെ വിശദമായ കണക്കാണ്. കണക്ക് എന്റെ കൈവശമുണ്ട്. അതൊരു നീണ്ട പട്ടികയാണ്. അതിന്റെ വിശദ വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്ക് ലഭ്യമാക്കാം. ധാരാളം കോഴ്സുകളും കോളേജുകളും ആരംഭിച്ചിട്ടുണ്ട്. വിവിധ കാറ്റഗറികളിൽ കൊടുത്തിട്ടുള്ള കോളേജുകളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ സർക്കാർ മേഖലയിൽ 38 കോളേജുകളും സ്വകാര്യ മേഖലയിൽ 148 കോളേജുകളുമാണുള്ളത്. പുതിയ ഗവണ്മെന്റ് വന്നതിനുശേഷം എഞ്ചിനീയറിംഗ് രംഗത്ത് നിരവധി പുതിയ സ്ഥാപനങ്ങൾ കൊടുത്തിട്ടുണ്ട്. അതിന്റെയെല്ലാം ലിസ്റ്റ് ബഹുമാനപ്പെട്ട മെമ്പർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, പുതുതായി ആരംഭിച്ച പല എഞ്ചിനീയറിംഗ് കോളേജുകളിലും ആവശ്യത്തിനുള്ള കുട്ടികളെ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്ന വസ്തുത അറിയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. ഈ പ്രാവശ്യം പല കോളേജുകളെയും സംബന്ധിച്ചിടത്തോളം, സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. നടപടി ക്രമങ്ങൾ വൈകിയതുകൊണ്ട് മാത്രമല്ല, എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവൺമെന്റിന്റെ കപ്പാസിറ്റിക്ക് ഉപരിയായിട്ടുള്ള സീറ്റുകൾ ലഭ്യമായതുകൊണ്ടുകൂടിയാണ് ഇങ്ങനെ വന്നത്. അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത്, ഇനി ഇവിടെ സ്ഥാപനങ്ങൾ കൊടുക്കുന്ന സമയത്ത് ആ സ്ഥാപനം ആവശ്യമാണോ, അതിന് അവിടെ സാധ്യതയുണ്ടോ എന്ന സാധ്യതാപഠനം നോക്കിയല്ലാതെ ഇനി എഞ്ചിനീയറിംഗ് കോളേജിന് എൻ.ഒ.സി. കൊടുക്കുകയില്ല എന്ന്. ഗവൺമെന്റ് ഇപ്പോൾ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ട് ഫീസിബിലിറ്റി, ആവശ്യകത ഇതെല്ലാം നോക്കിയ ശേഷമല്ലാതെ എഞ്ചിനീയറിംഗ് രംഗത്ത് ഇനി പുതിയ കോഴ്സും കോളേജും കൊടുക്കുകയില്ല.

ഡോ. എം. എ. കുട്ടപ്പൻ : സംസ്ഥാനത്ത് ഇന്നുള്ള പല കൺവെൻഷണൽ കോഴ്സുകളും കാലഹരണപ്പെട്ടവയാണ്. പഠിത്തം പൂർത്തിയായാലും ജോലി കിട്ടാനുള്ള സാധ്യത വളരെ വിരളമാണ്. വിദേശത്തുള്ള ഉദ്യോഗ സാധ്യതകളുടെ വ്യതിയാനങ്ങൾ മനസിലാക്കിക്കൊണ്ട് അത്തരത്തിൽ പുതിയ കോഴ്സുകൾ ഇവിടെ ആരംഭിക്കണം. ആഗോളതലത്തിൽ ഉണ്ടാകുന്ന തൊഴിൽ സാധ്യതകൾ കണ്ടെത്തി നമ്മൾകൂടി അതിനുവേണ്ടി തയ്യാറാകുന്നതിനുവേണ്ടിയുള്ള ഒരു എംപ്ലോയ്മെൻറ് മാർക്കറ്റ് സർവ്വേ നടത്തുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ; അതിനെക്കുറിച്ചുള്ള ആലോചന ഗവൺമെന്റിന്റെ മുമ്പിലുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശരിക്കും ഒരു എംപ്ലോയ്മെന്റ് മാർക്കറ്റ് സർവ്വേ നടത്തേണ്ടത് അനിവാര്യമാണെന്ന കാര്യം ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗ തലങ്ങളിൽ ഉണ്ടാകുന്ന ഫ്ളക്ച്വേഷൻസ് (Fluctuations) പഠിക്കേണ്ടതാണ്. ഡോക്ടർ എം. എ. കുട്ടപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ പല കോഴ്സുകളും കാലഹരണപ്പെട്ടവയാണ്. അതേ സമയത്ത് എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാന്റുള്ള കോഴ്സുകൾ റീസ്ട്രക്ചർ ചെയ്ത് കൊടുക്കുകയാണെങ്കിൽ ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗ സാധ്യതയുണ്ടാകും. ഗവൺമെന്റ് ഇക്കാര്യം വ്യക്തമായി മനസ്സിലാക്കിക്കൊണ്ട്തന്നെ 20 ഗവൺമെന്റ് കോളേജുകളിൽ ഈ പ്രാവശ്യം കോഴ്സ് കൊടുത്തു. അതിൽ പരമ്പരാഗതമായ കോഴ്സുകളോടൊപ്പം തന്നെ ജോബ് ഓറിയന്റഡായിട്ടുള്ള കോഴ്സുകൾക്ക് വലിയ പ്രാമുഖ്യം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് കോളേജുകൾക്ക് കൊടുത്ത പുതിയ കോഴ്സുകളുടെ കൂട്ടത്തിൽ ബി.എസ്സ്സി. ബയോടെക്നോളജി, ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്സ്സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി, എം.എസ്സ്സി. അപ്ലൈയ്ഡ് കെമിസ്ട്രി, എം.എ. അപ്ലൈയ്ഡ് എക്കണോമിക്സ്, എം.എസ്സ്സി. അനലിറ്റിക്കൽ കെമിസ്ട്രി തുടങ്ങിയ കോഴ്സുകൾ വച്ചിട്ടുണ്ട്. ഇനി തുടങ്ങുന്ന കോഴ്സുകൾ ഈ പറഞ്ഞതുപോലെ എംപ്ലോയ്മെന്റ് മാർക്കറ്റിൽ കൂടുതൽ ഡിമാന്റുള്ള കോഴ്സുകൾ ആയിരിക്കും. അവ നിലവിലുള്ള കോഴ്സുകൾക്ക് പകരം പുനസംവിധാനം ചെയ്തു കൊടുക്കണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ഡോ. എം. എ. കുട്ടപ്പൻ: സർ, അടുത്ത കാലത്തായി നമ്മുടെ സംസ്ഥാനത്തേക്ക് വിവിധ കമ്പനികൾ പ്ലെയ്സ്മെന്റിനുവേണ്ടി ക്യാമ്പസ് ഇന്റർവ്യു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് എത്രമാത്രം നടക്കുന്നു എന്ന് സർക്കാർ കണക്ക് എടുത്തിട്ടുണ്ടോ? നിലവിലുള്ള ക്യാമ്പസ് ഇന്റർവ്യു ശക്തിപ്പെടുത്തുന്നതിനും കൂടുതൽ എംപ്ലോയീസിനെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും വേണ്ടി എന്തെങ്കിലും പരിപാടി സർക്കാരിന്റെ മുമ്പാകെയുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. ഞാൻ മുമ്പ് ഈ നിയമസഭയിൽ പറഞ്ഞതുപോലെ കേരളത്തിലേക്ക് ക്യാമ്പസ് ഇന്റർവ്യൂവിനു തൊഴിൽ ഉടമകൾ വരുന്ന ഒരു സാഹചര്യം വന്നിട്ടുണ്ട്. മുമ്പത്തേതിനേക്കാളും വലിയ വ്യത്യാസമാണിത്. കേരളത്തിലെ പല കോളേജുകളിലും പ്രത്യേകിച്ച് എഞ്ചിനീയറിംഗ് സൈഡിലുള്ള കോളേജുകളിൽ, നഴ്സിംഗ് കോളേജുപോലുള്ള സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇന്റർവ്യു വർദ്ധിച്ചുവരികയാണ്. ഇതൊരു റിക്കാർഡ് എന്ന നിലയിലാണ് പത്രങ്ങൾ ഇതേപ്പറ്റി എഴുതിക്കൊണ്ടിരിക്കുന്നത്. ആ കാര്യം വളരെ വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് കൂടുതൽ ക്യാമ്പസ് ഇന്റർവ്യൂവിന് ആളുകളെ എത്തിക്കാൻ പറ്റുന്ന വിധത്തിലാണ് ഞാൻ നേരത്തെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ, ഓരോ സ്ഥലങ്ങളിലും എസൻഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ എംപ്ലോയിസിനെ പരിചയപ്പെടുത്താൻവേണ്ടിയിട്ടുള്ള, മറ്റൊരു കാര്യംകൂടി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു സോഫ്ട് സ്കിൽ ഡെവലപ്മെൻറ് പദ്ധതി കോളേജിൽ തുടങ്ങുകയാണ്. പഠിച്ചുപോകുന്ന സമയത്തുതന്നെ അവർക്ക് എംപ്ലോയ്മെന്റിനെക്കുറിച്ചുകൂടി സാധ്യതയുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പോലെയുള്ള അഡ്ജസന്റ് കോഴ്സുകളിൽകൂടി പരിശീലനം കൊടുത്താൽ ക്യാമ്പസ് ഇന്റർവ്യൂ നടത്തുമ്പോൾ കുറച്ചുകൂടി ജോലിസാധ്യത തെളിയുമെന്നും കാര്യം ഗവൺമെന്റ് തിരിച്ചറിയുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: പുതിയ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ഫീസിബിലിറ്റി സ്റ്റഡി നടത്താനും എൻ.ഒ.സി.-ക്ക് ശുപാർശ ചെയ്യാനും ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ ഘടനയെക്കുറിച്ചും കമ്മിറ്റിയുടെ ചെയർമാനെക്കുറിച്ചും വ്യാപകമായ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്; അത് പരിഹരിക്കണം. ഡോക്ടർ എം. എ. കുട്ടപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ so called ട്രഡിഷണൽ കോഴ്സുകൾക്ക് ഇന്നു സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആ സ്ഥാപനങ്ങളിൽ സെമി ടെക്നിക്കൽ ആന്റ് പ്രൊഫഷണൽ കോഴ്സുകൾ, സ്വദേശത്തും വിദേശത്തും ജോലിക്കുള്ള അവസരം ഉണ്ടാക്കുന്ന കോഴ്സുകൾ ആരംഭിക്കാനുള്ള സ്റ്റഡി നടത്തി അത്തരം കോഴ്സുകൾ കൊടുക്കാനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പുതുതായി കോഴ്സ് കൊടുക്കുന്നതിനു പകരം നിലവിലുള്ള കോഴ്സ് തന്നെ റീസ്ട്രക്ചർ ചെയ്യുക; ഞാൻ മനസിലാക്കുന്നത് അങ്ങനെയാണ്. അങ്ങനെ ചെയ്താൽ നമ്മുടെ ആർട്സ് ആന്റ് സയൻസ് അടക്കം എല്ലാത്തിലും നിലവിലുള്ള സബ്ജക്ടുകൾ എംപ്ലോയ്മെന്റ് മാർക്കറ്റിൽ വന്നിട്ടുള്ള വ്യതിയാനം കൂടി കണക്കിലെടുത്തുകൊണ്ട് അത് റീസ്ട്രക്ചർ ചെയ്താൽ ജോലിക്ക് സാധ്യത കൂടുമെന്നാണ് ഗവൺമെന്റ് മനസിലാക്കുന്നത്. തീർച്ചയായിട്ടും ഗവൺമെന്റ് അക്കാര്യത്തിൽ ഒരു സ്റ്റഡി നടത്തി നിലവിലുള്ള കോഴ്സുകൾ എങ്ങനെ റീസ്ട്രക്ചർ ചെയ്യാമെന്ന കാര്യം ഗൗരവമായി പരിശോധിക്കാം.

ശ്രീ. എം. മുരളി: വിദ്യാഭ്യാസ മേഖലയിൽ ആൾ ഇന്ത്യ കോമ്പറ്റേറ്റീവ് ടെസ്റ്റുകളിൽ സംസ്ഥാനം പിന്തള്ളപ്പെടുകയാണ്. ഐ.എ.എസ്.-ന്റെ കാര്യത്തിൽ നമുക്കുള്ള തിരിച്ചടികൾ കണക്കിലെടുത്ത് ഒരു ഐ.എ.എസ്. അക്കാഡമി രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. മെഡിക്കൽ, ഐ.ഐ.ടി., മറ്റ് എഞ്ചിനീയറിംഗ് ടെസ്റ്റുകൾ ഉൾപ്പെടെയുള്ള ആൾ ഇന്ത്യ കോമ്പറ്റിറ്റീവ് ടെസ്റ്റുകളിൽ കേരളീയ വിദ്യർത്ഥികൾ പിന്തള്ളപ്പെടുന്ന ഇന്നത്തെ സാഹചര്യം ഒഴിവാക്കാൻ ഗവൺമെൻറ് തന്നെ മുൻകൈയെടുത്ത്, അല്ലെങ്കിൽ ഈ രംഗത്തേയ്ക്ക് കടന്നു വരുന്ന ഏജൻസികളെ പ്രോൽസാഹിപ്പിച്ചുകൊണ്ട് അംഗീകൃത കോച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കാൻ തീരുമാനിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ആൾ ഇന്ത്യ പരീക്ഷകളിൽ കേരളത്തിലെ കുട്ടികളുടെ പെർഫോർമൻസ് വേണ്ടത്ര ഉയർന്നുവരുന്നില്ല എന്നുള്ളത് സത്യമാണ്. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്നാമത്തെ കാര്യം ഈ സ്റ്റേറ്റിൽ ആളുകൾക്ക് പ്രൊഫഷണൽ കോഴ്സുകളോട് അമിതഭ്രമം ഉണ്ട്. അതൊരു പ്രശ്നമാണ്. കാരണം ഇവിടെ ചെറിയ ഒരു അവസരം കിട്ടിപ്പോയാൽ ഒന്നുകിൽ മെഡിസിന് പോകണം, അല്ലെങ്കിൽ എഞ്ചിനീയറിംഗിന് പോകണം. അത്തരം പ്രൊഫഷണൽ

കോഴ്സിനുള്ള ട്രന്റ് ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങളെക്കാളും ഇവിടെ കൂടുതലാണ്. രണ്ടാമത്തെ കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ നല്ല കോച്ചിംഗ് സെന്ററുകൾ ഇല്ല. വടക്കേ ഇന്ത്യയിലെ കുട്ടികൾ, അതായത് ബീഹാർ, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ കുട്ടികൾ ഡൽഹിയിൽപോയി ക്യാമ്പ് ചെയ്യുകയാണ്. ഡൽഹിയിൽ നല്ല കോച്ചിംഗ് സെന്ററുകൾ ഉണ്ട്. അവിടുന്ന് കോച്ചിംഗ് കിട്ടിയിട്ടാണ് അവർ പരീക്ഷയിൽ ഇത്രയും നന്നായിട്ട് ഷൈൻ ചെയ്തുവരുന്നത്. ആ കാര്യങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ട് നമുക്ക് ഇപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യം, അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ നല്ല കോച്ചിംഗ് സെന്ററുകൾ കേരളത്തിൽ ഉണ്ടാക്കുക എന്നുള്ളതാണ്. അത് ഗവൺമെന്റ് തലത്തിൽ ചെയ്യാം. പോരാത്തതിന് മറ്റ് നല്ല ഏജൻസികളെ ആ രംഗത്തേക്ക് കൊണ്ടുവരാം. ആ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ ദിശാബോധം ഉള്ളതുകൊണ്ടാണ് ഈ കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കാര്യം പ്രഖ്യാപിച്ചത്. കേരളത്തിൽ ഐ. എ. എസ്. അക്കാഡമി സ്ഥാപിക്കാനുള്ള നടപടി എടുക്കുകയാണ്. ഇപ്പോൾ ആൾ ഇന്ത്യ സ്വഭാവത്തിലുള്ള ഏറ്റവും നല്ല കോച്ചിംഗ് കൊടുക്കുന്ന സ്ഥാപനങ്ങളെക്കാൾ മെച്ചമായ വിധത്തിൽ ഈ ഐ. എ. എസ്. അക്കാഡമിയിൽ നമുക്ക് കോച്ചിംഗ് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കാൻ പോവുകയാണ്.

ശ്രീ. കെ. ബാബു: കുട്ടികളെ എംപ്ലോയികളാക്കുന്നതിന് ഹയർ സെക്കണ്ടറി തലം മുതൽ തന്നെ പരിശീലനം നൽകത്തക്കവിധത്തിൽ വിദ്യാഭ്യാസ പദ്ധതിയിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ കരിയർ ഗൈഡൻസ് സെക്കണ്ടറി തലത്തിൽതന്നെ തുടങ്ങേണ്ടതാണ്. വിദേശ രാജ്യങ്ങളിലൊക്കെ അങ്ങനെയാണ് ആ ഒരു Attitude കാലേക്കൂട്ടി മനസ്സിലാക്കണം. അത് മനസ്സിലാക്കിയിട്ട് അവരെ അതനുസരിച്ച് തിരിച്ചുവിടണം. അതാണ് അവർ ചെയ്യുന്നത്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് നമ്മൾ ഇപ്പോൾ 300 കരിയർ ഗൈഡൻസ് സെന്ററുകൾ പ്ലസ് ടു ലവലിൽ ആരംഭിച്ചിരിക്കുന്നത്. ഈ വർഷത്തോടുകൂടി വീണ്ടും 300 സെന്ററുകൾകൂടി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് സ്വാഗതാർഹമായ നിർദ്ദേശമാണ്. കൂടുതൽ മേഖലകളിലേക്ക് കരിയർ ഗൈഡൻസ് അഡ്വൈസ് രംഗം എങ്ങനെ വ്യാപിപ്പിക്കാമെന്ന് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കാം.

ശ്രീ. കെ. ബാബു: നമ്മുടെ പല കോഴ്സുകളും ഇന്നത്തെ മാർക്കറ്റിലെ ഡിമാന്റിന് അനുസരിച്ചുള്ളതുമാത്രമാണ്. അതുകൊണ്ട് ലോകത്ത് വരുന്ന മാറ്റങ്ങളനുസരിച്ച് നാളത്തെ സാധ്യതകൾകൂടി കണക്കിലെടുക്കത്തക്കവിധത്തിൽ നമ്മുടെ കോഴ്സുകളിൽ മാറ്റം വരുത്തേണ്ടതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ? അതുപോലെ തന്നെ പല സംസ്ഥാനങ്ങളിലേയും സാങ്കേതിക സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പഠനത്തോടൊപ്പം ജോലി ചെയ്യുന്നതിനുള്ള അവസരങ്ങളുള്ള കോഴ്സുകളുണ്ട്. സംസ്ഥാനത്ത് അത്തരം കോഴ്സുകളുണ്ടോ; ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ സാങ്കേതിക സ്ഥാപനങ്ങളിലെ കുട്ടികൾക്കെങ്കിലും പഠനഘട്ടത്തിൽത്തന്നെ തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പഠനത്തോടൊപ്പം ജോലി ചെയ്യുന്നതിനും അതിലൂടെ എന്തെങ്കിലും വരുമാനം ലഭിക്കുന്നതിനും ഉള്ള സാഹചര്യം ഒരുക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കോഴ്സിന്റെ കാര്യം എടുക്കുന്ന സമയത്ത് ഒരു സംഗതിയുണ്ട്. നിയമസഭയിൽ അത് സമ്മതിക്കുന്നതിൽ എനിക്ക് മടിയില്ല. ഇവിടെ ഇപ്പോൾ അൺ-എയ്ഡഡ് സെക്ടറിൽ അവർ ചോദിക്കുന്ന കോഴ്സുകളാണ് നമ്മൾ കൊടുക്കുന്നത്. അത് ഏറ്റവും നൂതനമായ കോഴ്സുകളാണ്. കാരണം അത് അങ്ങനെയേ നടത്തിക്കൊണ്ടുപോകാൻ പറ്റുകയുള്ളൂ. എന്റെ കയ്യിൽ ഒരു ലിസ്റ്റുണ്ട്. നിങ്ങളെല്ലാം താല്പര്യപൂർവ്വം നോക്കിയാൽ അത് അറിയാൻ സാധിക്കും. വളരെ മോഡേൺ ആയ ജോബ് ഓറിയന്റഡ് കോഴ്സാണ്. Un aided Sector-ൽ കൊടുത്തിരിക്കുന്നത് Government and aided sector-നെ സംബന്ധിച്ചിടത്തോളം അത്തരം കോളേജുകളിൽ പുതിയ കോഴ്സ് കൊടുക്കുവാൻ വളരെ സാമ്പത്തിക ഞെരുക്കമുണ്ട്. എങ്കിൽപ്പോലും ഞാൻ ഇവിടെ ആദ്യം പറഞ്ഞതുപോലെ ഇപ്പോൾ പുതിയ കോഴ്സുകൾ അനുവദിച്ച കോളേജുകളിൽ യൂണിവേഴ്സിറ്റിയിൽനിന്നും ശുപാർശ വന്നെങ്കിലും കൺവെൻഷണൽ കോഴ്സ് കൊടുക്കാതെ പുതിയ കോഴ്സ് കൊടുക്കുവാൻ വേണ്ടി ഞങ്ങൾ നിർബന്ധിക്കുകയായിരുന്നു. അതുകൊണ്ട് അങ്ങനെ ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ ആഗ്രഹമെന്ന് പറയുന്നത് ഇനി കോഴ്സ് ആരംഭിക്കുന്ന സമയത്ത് സാധു കുട്ടികൾ പഠിക്കുന്ന കേന്ദ്രങ്ങളായ എയിഡഡ് കോളേജിലും ഗവൺമെന്റ് കോളേജിലും, നല്ല കോഴ്സുകൾ കൊടുക്കുക എന്നുള്ളതാണ്. അതിന് തുടക്കം കുറിച്ചു വരുന്നു. Earn by learn എന്ന ആശയം ലോകത്തിന്റെ പല ഭാഗത്തും വികസിപ്പിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ പോയി നോക്കിയാൽ അറിയാം. അവിടെ ബസ്സിലെ കണ്ടക്ടർ കോളേജ് സ്റ്റുഡന്റ് ആയിരിക്കും. ഒരു ഹോട്ടലിൽ ചെന്നാൽ അവിടുത്തെ റിസപ്ഷനിൽ ഇരിക്കുന്ന കുട്ടി ഏതെങ്കിലും യൂണിവേഴ്സിറ്റിയിലെ സ്റ്റുഡന്റ് ആയിരിക്കും. പക്ഷേ നമ്മുടെ നാട്ടിൽ അങ്ങനെയൊരു Concept വികാസം പ്രാപിച്ചിട്ടില്ല. വളരെ ഗൗരവമായി ചെയ്യേണ്ട ഒരു സംഗതിയാണ്. ഞങ്ങൾ ഇപ്പോൾ പൈലറ്റ് പ്രോജക്ടിനെപ്പറ്റി ആലോചിക്കുകയാണ്. ലൈബ്രറികളിൽ ഇപ്പോൾ ആളില്ല. ഉദാഹരണമായി തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ കാര്യംതന്നെ പരിശോധിക്കാം. അവിടെ ഇപ്പോൾ children's library തുടങ്ങാൻ കഴിയാത്തത് ആളില്ലാത്തതുകൊണ്ടാണ്. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കുറച്ചു കുട്ടികളെ ഇതേ സ്ഥലത്തുവച്ചാൽ എന്താണ് കുഴപ്പം? അവർക്ക് ഡെയിലി വേജസ് കൊടുത്താൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വരുമാനവുമാകും ജോലിയിൽ എക്സ്പീരിയൻസും കിട്ടും. അതുകൊണ്ട് earn by learn എന്നുള്ള സംഗതി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽ സ്ഥാപനങ്ങളിലും കൊണ്ടുവരുന്ന കാര്യം വളരെ താല്പര്യപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട മന്ത്രി പുതിയ സാഹചര്യങ്ങളെപ്പറ്റിയും അക്ഷരാർത്ഥത്തിൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെപ്പറ്റിയും പാഠ്യപദ്ധതി പുതുക്കിപ്പണിയേണ്ട കാര്യത്തെക്കുറിച്ചും പറയുകയുണ്ടായി. എല്ലാം ശരിയാണ്. വ്യവസായവും കൃഷിയും തമ്മിലുള്ള ബന്ധത്തിന്റെ ആവശ്യകതയെക്കുറിച്ചും എടുത്തു പറയുകയുണ്ടായി. കേരളീയ ജീവിതത്തിന്റെ നട്ടെല്ലാണ് നെൽകൃഷി. ആ നെൽകൃഷി രംഗത്തെ പ്രശ്നങ്ങളെപ്പറ്റി വിദ്യാർത്ഥികളിൽ ഒരു പുതിയ ബോധമുണ്ടാക്കണം. കൊയ്ത്ത് കഴിഞ്ഞ്; നെല്ല് കെട്ടിക്കിടക്കുന്നു. സംഭരണം നീണ്ടു പോകുന്നു. മഴ പെയ്യുന്നു. നെൽ വിത്തിനു കേടു വരുന്നു. ഇതെല്ലാം കണ്ടുകൊണ്ട് നെല്ലിന്റെ സംഭരണം നീണ്ടു പോകുവാൻ ഇടയുള്ള സാഹചര്യങ്ങളിൽ നെൽവിത്തിനു കേടുണ്ടാകാതിരിക്കുവാൻ കഴിയുന്ന പുതിയ ടെക്നോളജി ഉണ്ടായി വരണം. സയന്റിഫിക്കായി ചിന്തിക്കണം. അതുകൊണ്ട് നെല്ല് സംഭരണത്തിനു പരാജയപ്പെടുന്ന ഗവൺമെന്റ്, കൊയ്ത് കൂട്ടിയിരിക്കുന്ന നെല്ലിനു കേടുപറ്റാതിരിക്കുവാൻ വേണ്ടിയുള്ള ടെക്നോളജി വികസിപ്പിക്കുവാൻ ബന്ധപ്പെട്ട ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളോട് ആവശ്യപ്പെടുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിലുണ്ടായ ഏറ്റവും പ്രധാനമായ ഡെവലപ്മെന്റ് എന്നുപറയുന്നത് കാർഷിക സർവ്വകലാശാലകൾ ഇന്ത്യയിലെ കാർഷിക രംഗത്ത് വരുത്തിയ സമൂലമായ മാറ്റമാണ്. അതുപോലെതന്നെ നമ്മുടെ കാർഷിക യൂണിവേഴ്സിറ്റികൾക്ക് ഈ കാര്യത്തിൽ വളരെയേറെ ചെയ്യാനുണ്ട്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. കാർഷിക സർവ്വകലാശാലകളാണ് ഈ കാര്യങ്ങളിൽ നേതൃത്വപരമായ പങ്കു വഹിക്കേണ്ടത്. ഇപ്പോൾ ഞാൻ മനസ്സിലാക്കിയിടത്തോളം കാർഷിക സർവ്വകലാശാലകൾക്ക് ഓരോ ജില്ലയിലും ഒരു കാർഷിക വികസന കേന്ദ്രം ഉണ്ട്. അതിനു കേന്ദ്രത്തിന്റെ സഹായം കിട്ടുന്നുണ്ട്. കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് ഈ ജില്ലാ കാർഷിക വികസന കേന്ദ്രങ്ങൾ കുറച്ചുകൂടി നന്നാക്കി എടുക്കുവാനും ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലുള്ള മേഖലകളിലേക്ക് അവരുടെ അന്വേഷണം ചെന്നെത്തുവാനും ആവശ്യമായ കാര്യങ്ങൾ എടുക്കേണ്ടതുണ്ട്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞ കാര്യം കാർഷിക സർവ്വകലാശാല അധികൃതരെ വിളിച്ച് ഗവൺമെന്റ് ചർച്ച ചെയ്യുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: ആർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും വളരെ സ്വാഗതാർഹവും ദൂരവ്യാപകമായ സത്ഫലങ്ങൾ ഉണ്ടാക്കുന്നതുമായ ഒരു വലിയ പ്രവർത്തനം വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു. പഠനത്തോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപനത്തിനും പ്രാധാന്യം നല്കേണ്ടതാണ്. ഈ മേഖലയിലുള്ള അപാകതകളെക്കുറിച്ച് നിരവധി കമ്മീഷനുകളും വിദഗ്ദ്ധ സമിതികളും റിപ്പോർട്ട് നല്കിയിട്ടുണ്ട്. ലോകപ്രശസ്തരായ ശാസ്ത്രകാരന്മാരുടേയും പ്രതിഭാശാലികളായ വിദഗ്ദ്ധന്മാരുടേയും റിട്ടയർ ചെയ്ത പ്രശസ്തരായ അദ്ധ്യാപകരുടേയുമൊക്കെ സേവനം കേരളത്തിലെ സർവ്വകലാശാലകളിലെ വിദ്യാർത്ഥികളുടേയും തൊഴിൽ സാദ്ധ്യതകളുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കോളേജുകളുടേയും സേവനത്തിനു വേണ്ടി ലഭ്യമാക്കുന്ന ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നല്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, വിദ്യാഭ്യാസരംഗത്തെ ഒരു നിർണ്ണായകമായ ഘടകമാണ് അദ്ധ്യാപകനെ കൂടുതൽ എക്യൂപ് ചെയ്യുക എന്നത്. അദ്ദേഹം ചൂണ്ടിക്കാണിച്ചതു ശരിയാണ്. അദ്ധ്യാപക പരിശീലനം ഇതിൽ വളരെ പ്രധാനമായ ഒരു സംഗതിയാണ്. ഇപ്പോൾ യു.ജി.സി.-യെ adjacent professorship എന്നൊക്കെ പറയുന്നതിന്റെ ആശയം ഇതാണ്. ഓരോ മേഖലയിലുമുള്ള വിദഗ്ദ്ധരെ വിദ്യാഭ്യാസ രംഗത്ത് നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കണം. അതിപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. പല കോളേജുകളും ഗസ്റ്റ് ലക്ചറർ എന്നുള്ള നിലയിലും അതുപോലെതന്നെ സെമിനാറുകളിലും മറ്റും ഈ വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് തീർച്ചയായും ചെയ്യേണ്ട കാര്യമാണ്. വിദഗ്ദ്ധരുടെ സേവനം നമുക്ക് ഉപയോഗപ്പെടുത്താം. അതിനു പുറമേ ഗവൺമെന്റ് ആഗ്രഹിക്കുന്ന മറ്റൊരു കാര്യം ടീച്ചേഴ്സ് ട്രെയിനിംഗ് പദ്ധതി മാറ്റിയെടുക്കുക എന്നുള്ളതാണ്. ബി.എഡ്.-ന്റേയും ടി.ടി.സി.-യുടേയും കാര്യം ഇവിടെ പറയുന്നില്ല. അതെല്ലാം ഇന്നത്തെ വിദ്യാഭ്യാസവുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങളാണ്. ബി.എഡ്.-ന്റെ കരിക്കുലംതന്നെ മാറ്റാൻ പോകുകയാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം യൂണിവേഴ്സിറ്റികൾ അതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. അതുപോലെ യു.ജി.സി.-ക്ക് കരിയർ അഡ്വാൻസ്മെന്റുണ്ട്. എ.ഐ.സി.ടി.-യുടെതന്നെ Quality Improvement Programme ഉണ്ട്. ആ പ്രോഗ്രാമും ശക്തിപ്പടുത്തണമെന്ന് ആഗ്രഹിക്കുകയാണ്. അതുപോലെ കേരളത്തിൽ അഞ്ച് കോളേജുകളിൽ Technical Education Quality Improvement Programme എന്ന ഒരു പ്രോഗ്രാം എ.ഐ.സി.ടി.ഇ.-യുടെ സഹായത്തോടുകൂടി ഇപ്പോൾ ചെയ്യുന്നുണ്ട്. ഇത്തരം കാര്യങ്ങളിലൂടെ മെച്ചപ്പെട്ട അദ്ധ്യാപനം കോളേജുകളിൽ ലഭിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾക്ക് ഗവൺമെന്റ് മുൻഗണന കൊടുക്കുന്നുണ്ട്. ഇനി ഈ മേഖലയിൽ എന്ത് ചെയ്യാൻ കഴിയുമെന്ന കാര്യവും ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. എം. വി. ജയരാജൻ: കാർഷിക സർവ്വകലാശാലകൾ നൂതനമായ ടെക്നോളജികൾ രൂപപ്പെടുത്തുന്നത് കൃഷിക്കാർക്കുവേണ്ടിയാണ്. പക്ഷേ സർക്കാർ കൃഷിക്കാരെ സഹായിക്കുവാനും നെല്ല് സംഭരിക്കുവാനും നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ഈ ടെക്നോളജിയെല്ലാം അവതാളത്തിലാകും. അതുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ നമ്മുടെ Technical Edcucation Department-ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരവ്യോഗം. ഇപ്പോൾ എഞ്ചിനീയറിംഗ് മേഖലയിൽ, നൂതനമായ ഒരുപാട് കോഴ്സുകൾ self financing മേഖലയിൽ ആരംഭിക്കുകയാണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. Technical Education Department-ന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവിടെയുള്ള കോഴ്സുകൾ കാലോചിതമാക്കി അതിന്റെ സിലബസ് പരിഷ്കരിച്ചതിന്റേയും മറ്റും ഫലമായി, നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക വൈജ്ഞാനിക മേഖലയിലെ സ്ഫോടനാത്മകമായ നേട്ടങ്ങൾക്ക് അനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ശ്രീ. ബിനോയിയുടെ ചോദ്യത്തിനുള്ള മറുപടി അവിടെയാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ നേരത്തേ കാർഷിക സർവ്വകലാശാലയെക്കുറിച്ച് പറഞ്ഞത്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന മറ്റ് മേഖലയുമുണ്ട്. പോളിടെക്നിക്കിന്റെ കാര്യം ശ്രീ. ജയരാജൻ ഇവിടെ പറഞ്ഞല്ലോ? പോളിടെക്നിക്കിനോടനുബന്ധിച്ച് കമ്മ്യൂണിറ്റി പോളിടെക്നിക്സ് ഉണ്ട്. കൃഷിക്കാരന്റെ ആവശ്യമെന്താണ്? ചുമട്ടു തൊഴിലാളിയുടെ ആവശ്യമെന്താണ്? തൊഴിൽ എടുക്കുന്നവരുടെ തൊഴിൽപരമായ കഴിവ്, ഇപ്പോൾ ആഗ്രോ-ഇൻഡസ്ട്രീസ് ആകട്ടെ, അല്ലെങ്കിൽ കാർഷിക മേഖലയിലുള്ള ആളുകളുടെ സംഗതിയാകട്ടെ, ഇത്തരം കാര്യങ്ങൾക്കു സഹായം കൊടുക്കുന്നതിനു വേണ്ടിയാണ് കമ്മ്യൂണിറ്റി പോളിടെക്നിക്ക് നിലവിലുള്ള പോളിടെക്നിക്കിനോടനുബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ളത്. ശ്രീ. ജയരാജൻ പറയുന്ന ഈ ആശയം ഇപ്പോൾ നടക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ സാമൂഹ്യ ആവശ്യം നിറവേറ്റാൻ കഴിയുന്ന വിധത്തിൽ കാർഷിക രംഗമാകട്ടെ, വ്യാപാര-വ്യാവസായിക രംഗമാകട്ടെ മറ്റ് തൊഴിൽ മേഖലയാകട്ടെ, ഇത്തരം മേഖലകളിലേക്ക് പോളിടെക്നിക്കിന്റെ സഹായമെത്തിക്കുന്ന എക്സ്റ്റൻഷൻ പരിപാടികൾ നടപ്പിലാക്കാൻ ഈ കമ്മ്യൂണിറ്റി പോളിടെക്നിക്കിലൂടെ സാധിക്കും. ആ കാര്യം ശക്തിപ്പെടുത്തി എടുക്കാവുന്നതേയുള്ളൂ.

ശ്രീ. സി. ടി. അഹമ്മദ് അലി : ആദ്യത്തേതും ഏറ്റവും നന്നായി പ്രവർത്തിക്കുന്നതുമായ കാസർകോട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരില്ലാതെ ഇന്ന് വളരെയേറെ വിഷമിക്കുകയാണ്. അദ്ധ്യാപകർ ഓരോരുത്തരും മാറിമാറി പോയിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ കെട്ടിടമില്ലാതെ ഇന്ന് അവിടെ വളരെയേറെ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ കോളേജിന്റെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുവാനും സിവിൽ എഞ്ചിനീയറിംഗ് കോഴ്സുകൂടി അനുവദിക്കുവാനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപകരുടെ ക്ഷാമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിപ്പോൾ പരിഹരിക്കാൻ പോകുകയാണ്. ഇപ്പോൾ അതിന് ഇന്റർവ്യൂവും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. സിവിൽ എഞ്ചിനീയറിംഗ് കോഴ്സിന്റെ സാദ്ധ്യതയെപ്പറ്റി ബഹുമാനപ്പെട്ട അംഗം എന്തെങ്കിലും പറയുകയാണെങ്കിൽ എന്താണ് വേണ്ടതെന്നുവെച്ചാൽ ചെയ്യാം. മൊത്തത്തിൽ നോക്കുന്ന സമയത്ത് സിവിൽ ബ്രാഞ്ചിന് കൊടുത്ത സീറ്റുകൾക്കുതന്നെ അപേക്ഷകർ കുറവായിട്ടാണ് കണ്ടത്. ഇനി ബഹുമാനപ്പെട്ട എം.എൽ.എ.-യും മറ്റ് ആളുകളും പറയുന്നത് എന്താണ് എന്നുനോക്കി നിങ്ങൾ ഫോർവേർഡ് ചെയ്യുന്നതിനനുസരിച്ച്, യൂണിവേഴ്സിറ്റിക്ക് വേണ്ടത് എ.ഐ.സി.ടി.ഇ. -യുടെ റെക്കമെന്റേഷൻകൂടി വെച്ച് ചെയ്യുന്നതിൽ ഗവൺമെന്റിന് വിരോധമില്ല. പക്ഷേ അതിനു സാമ്പത്തിക പ്രശ്നം കൂടിയുണ്ട്. ഏത് കോഴ്സാണ് വേണ്ടത് എന്നുള്ളത് ഗൗരവമായി ആലോചിച്ചതിനുശേഷം കൊടുത്തിട്ടേ കാര്യമുള്ളൂ. Conventional branches തന്നെ കൊടുത്തിട്ട് വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: ഇനി പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നില്ല എന്നുള്ള തീരുമാനം വളരെ സ്വാഗതാർഹമാണ്. നമുക്ക് ആവശ്യത്തിനുള്ള സ്ഥാപനങ്ങൾ ആയിക്കഴിഞ്ഞു എന്നുള്ളതാണ് സത്യം. ഇനിയുള്ളത് രണ്ടാമത്തെ സ്റ്റെപ്പാണ്, അതായത് ഉള്ള സ്ഥാപനങ്ങളിൽ qualitative change ഉണ്ടാക്കുക എന്നുള്ളത്. നമുക്ക് ഐ.ഐ.ടി. നിലവാരത്തിലുള്ള സ്ഥാപനമോ അല്ലെങ്കിൽ എടുത്തുപറയത്തക്ക ഏതെങ്കിലും ഒരു സ്ഥാപനമോ ഇല്ല. നിർദ്ദിഷ്ട സർവ്വകലാശാലയടക്കം വരാൻ പോകുന്ന സ്ഥാപനങ്ങളിൽനിന്ന് എന്ത് ചെയ്തും തെരഞ്ഞെടുക്കപ്പെട്ട പത്തോ പതിനഞ്ചോ സ്ഥാപനങ്ങളെ ഏറ്റവും നല്ല നിലവാരമുള്ള, അന്തർദേശീയ നിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ ഒരു ഘട്ടത്തിൽ പറഞ്ഞ മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചതാണ്. കേരളത്തിലെ പ്രമുഖമായ അഞ്ച് എൻജിനീയറിംഗ് കോളേജുകളെ എ.ഐ.സി.ടി.ഇ.-യുടെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ ഇപ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങൾ കൊണ്ടുവരാനാണല്ലോ നമ്മൾ ശ്രമിക്കുന്നത്. ഇപ്പോൾ ഐ.ഐ.ടി.-യുടെ കാര്യമൊക്കെ നടക്കുമെന്ന പ്രതീക്ഷയിലാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സയൻസ് ആന്റ് ടെക്നോളജി (കുസാറ്റ്) വിഭാഗം തന്നെ ഉന്നത നിലവാരത്തിൽ എത്തിക്കാനുള്ള ഒരു സ്കീം ഇപ്പോൾ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിലുണ്ട്. കേരളത്തിൽ സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെയുള്ള ചിരപുരാതനമായ നാലോളം കോളേജുകളുണ്ട്. തലശ്ശേരി ബ്രണ്ണൻ കോളേജ്, വിക്ടോറിയാ കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ്. ഈ കോളേജുകൾക്കുവേണ്ടി സമഗ്രമായ ഏറ്റവും നൂതനമായ കോഴ്സുകളും ഇൻഫ്രാസ്ട്രക്ചറുമെല്ലാം കൊടുത്ത് യൂണിവേഴ്സിറ്റി സ്റ്റാറ്റസിൽ ഉയർത്താൻ പറ്റിയ ഒരു പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തിക്കൊണ്ടുവരിക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ നയം. അതിലേക്ക് ശ്രദ്ധേയമായ ചില ചുവടുവയ്പ്പുകൾ നടന്നു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: നല്ല കോച്ചിംഗ് സെന്ററുകൾ ഇല്ല എന്ന് അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണ് അത് ഇല്ലാത്തത്? നല്ല അദ്ധ്യാപകർ ഇല്ല. എന്തുകൊണ്ട് അദ്ധ്യാപകരില്ല? പല അൺ എയ്ഡഡ് കോളേജുകളിലും ശമ്പളം കൊടുക്കുകയില്ല. ഇത് പരിശോധിക്കാനുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാകണം. കുട്ടികൾക്ക് മൂന്നു മാസത്തേയും ആറ് മാസത്തേയും പ്രോജക്ടുണ്ട്. പക്ഷേ ടെക്നോപാർക്ക് അടക്കമുള്ള പല സ്ഥാപനങ്ങളും കുട്ടികളെ അങ്ങോട്ട് അടുപ്പിക്കുന്നില്ല. അതുകൊണ്ട് അങ്ങയുടെ നേതൃത്വത്തിൽ അടിയന്തിരമായി ചർച്ച നടത്തി വിവിധ വകുപ്പുകളെ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിനു പുറത്തുനിന്ന് വരുന്ന കുട്ടികൾക്കും പ്രോജക്ട് ചെയ്യാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി കൂടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അൺഎയ്ഡഡ് കോളേജുകളിലെ ശമ്പളം ഇതുമായി ബന്ധപ്പെട്ടതല്ല. എങ്കിലും ഞാൻ പറയട്ടെ നമ്മൾ കഴിഞ്ഞ പ്രാവശ്യം പാസ്സാക്കിയ നിയമത്തിൽ അൺഎയ്ഡഡ് കോളേജുകളെ സംബന്ധിച്ച് ചില നിയന്ത്രണങ്ങളുണ്ട്. ശമ്പളത്തിന്റെ കാര്യത്തിൽ പരിമിതിയുണ്ട്. അങ്ങേക്കും അറിയാവുന്ന കാര്യമാണ്. അപ്രന്റീസ്ഷിപ്പ് കൊടുക്കുക, ട്രെയിനിംഗ് കൊടുക്കുക, പ്രോജക്ട് ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ തൊഴിലുടമകൾ വൈമുഖ്യം കാണിക്കാറുണ്ട്. അതുകൊണ്ട് തൊഴിലുടമകളുടെ സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്ത് കുട്ടികൾക്ക് അവരുടെ ഇൻഡസ്ട്രിയിൽ കൂടുതൽ പ്രോജക്ടുകൾ ചെയ്യാനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുകയാണ്. അതുപോലെ ഒരു സംഗതികൂടി ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഇൻഡസ്ട്രിയൽ ഇൻകുബേഷൻ സെന്റർ അതായത്, ഒരു എൻജിനീയറിംഗ് കോളേജിൽ ഇൻഡസ്ട്രിക്ക് പറ്റിയ പ്രോജക്ട് പൈലറ്റ് പ്രോജക്ട് പോലെ ഉണ്ടാക്കുക, അത് റൂട്ട് ഫോമിലാണ്. അങ്ങനെ ഉണ്ടാക്കുന്ന സെന്റർ ഓരോ കോളേജിലും വച്ചാൽ അത് കൂടുതൽ വ്യവസായികളെ ആകർഷിക്കാൻ സാധിക്കും. അപ്പോൾ അവർക്ക് നമ്മളുമായി കൂടുതൽ ലിങ്കേജ് വരും. ആ ലിങ്കേജ് വികസിപ്പിച്ച് വന്നാൽ നമ്മുടെ കുട്ടികൾക്ക് അവിടെ പോയി പരിശീലനം ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

അതിന് Sandwich Course എന്നുപറയും. അതായത്, ഇവിടെ ഒരു കോഴ്സ്, പിന്നെ കമ്പനിയിൽ. പിന്നേയും ഇവിടെ വന്നിട്ട് കോഴ്സ്. ആ സ്വഭാവത്തിൽ വരികയാണ് ആവശ്യം. അതുകൊണ്ട് തൊഴിൽ ഉടമകളുടെ സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി നമ്മുടെ കുട്ടികൾക്ക് ആ രംഗത്ത് കൂടുതൽ അവസരം ഉണ്ടാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, 16-11-04-ലെ കൃാബിനറ്റ് യോഗത്തിന്റെ തീരുമാനമനുസരിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽത്തന്നെ പ്ലാനിംഗ് കമ്മീഷൻ ഉൾപ്പെടെയുള്ളവരെ മുന്നിൽ ഇരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ അറിയിച്ചു. ആ ചർച്ചകൾക്കനുസൃതമായി തുടർ നടപടികൾക്ക് കേരളത്തിലെ സർവ്വകലാശാലകളുടെ രജിസ്ട്രാർമാർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും പറഞ്ഞു. മൂന്ന് മാസങ്ങൾ കഴിഞ്ഞിട്ടും അന്നത്തെ ചർച്ചയുടെ വെളിച്ചത്തിൽ എന്തൊക്കെ നിഗമനങ്ങളിലാണ് എത്തിച്ചേർന്നതെന്നും എന്തൊക്കെ ശുപാർശകളാണ് നടത്തിയതെന്നും നിയമസഭാംഗങ്ങളായ ഞങ്ങൾക്കുപോലും വ്യക്തമായ അവബോധം ഉണ്ടായിട്ടില്ല. ആ സ്ഥിതിക്ക് ആ ശുപാർശകൾക്കനുസൃതമായ തുടർനടപടികൾക്കുവേണ്ടി അടിയന്തിരമായി ശ്രമിക്കുകയും ഈ അവബോധം നിയമസഭാംഗങ്ങൾക്കും തദ്വാരാ പൊതുജനങ്ങൾക്കും ഉണ്ടാകത്തക്കവിധത്തിൽ ആ ശുപാർശകളെപ്പറ്റിയുള്ള സമ്പൂർണ്ണ വിവരം ഞങ്ങളെ അറിയിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ടീച്ചർ ഇവിടെ സൂചിപ്പിച്ചതുപോലെ ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങളിൽ പ്രധാനമായത് ശാസ്ത്ര-സാങ്കേതിക പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുക എന്നതാണ്. യൂണിവേഴ്സിറ്റി അവർക്ക് തോന്നുന്ന സമയത്താണ് കരിക്കുലം റിവൈസ് ചെയ്യുന്നത്. അത് പോരാ എന്ന കാര്യമാണ് തീരുമാനിച്ചത്. University Industry Interaction Cells രൂപീകരിക്കുക, വിദ്യാർത്ഥികൾക്ക് ഫീൽഡ് എക്സ്പീരിയൻസ് നൽകുക തുടങ്ങിയവ ആവശ്യമാണ്. ഇപ്പോൾ കുട്ടികളുടെ പ്രശ്നം എന്താണെന്നുവച്ചാൽ തിയറി നന്നായി അറിയാം. പ്രാക്ടിക്കൽ സൈഡിലുള്ള അറിവ് കുറവാണ്. അതുകൊണ്ട് പ്രാക്ടിക്കൽ സൈഡിൽ എക്സ്പീരിയൻസ് കിട്ടാനാവശ്യമായ കാര്യങ്ങൾ ചെയ്യുക, കഴിവുറ്റ അദ്ധ്യാപകരുടെ ലഭ്യത, പ്രാക്ടിക്കൽ പരിശീലനം തുടങ്ങിയവ അനിവാര്യമാണ്. ഭാഷ പ്രധാന പ്രശ്നമാണ്. നമ്മുടെ കുട്ടികളുടെ പ്രധാന പ്രശ്നം ഇംഗ്ലീഷിൽ ഫ്ളുവൻസിയില്ലാത്തതാണ്. ഒരു തൊഴിലുടമ വരുമ്പോൾ സത്യത്തിൽ നമ്മെ പുറകോട്ട് നിർത്തുന്ന ഒരു ഘടകമെന്നു പറയുന്നത് കമ്മ്യൂണിക്കേഷൻ സ്കില്ലാണ്. അതുകൊണ്ട് കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ് ചെയ്യുന്നതിനുവേണ്ടി ഞാൻ ആദ്യം പറഞ്ഞതുപോലെ കോഴ്സ് കഴിഞ്ഞുപോകുന്ന സമയത്ത് "add on course" എന്ന നിലയിൽ കമ്മ്യൂണിക്കേഷന് കഴിയുന്ന വിധത്തിലുള്ള ഭാഷാനൈപുണ്യം

LIBRARY ARCHIVES Kerala Legislative Assembly

നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പി.ജി. കോഴ്സുകളുടെ ഒരു സെമസ്റ്റർ ഇൻഡസ്ട്രിയൽ പരിശീലനത്തിന് നൽകുക, industry affected question നൽകി വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുക, ടീച്ചേഴ്സിന്റെ ട്രെയിനിംഗ്, adjacent professorship, add on course എന്നിവയാണ് ഗവൺമെന്റ് എടുത്ത പ്രധാന തീരുമാനങ്ങൾ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രജിസ്ട്രാർമാർക്ക് കത്ത് അയച്ചുകഴിഞ്ഞു. ഇതിനെക്കുറിച്ച് ഗവൺമെന്റ് മോണിറ്റർ ചെയ്യുന്നുണ്ട്. യൂണിവേഴ്സിറ്റിയിൽ ഈ തീരുമാനങ്ങൾ എങ്ങനെയാണ് നടപ്പാക്കുന്നതെന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് വീണ്ടും ഒരു പീരിയോഡിക്കൽ റിവ്യൂ നടത്തുന്നതാണ്.

ഈടുകൂടാതെ ജില്ലാ സഹകരണ ബാങ്കിൽ നിന്നും നൽകിയ വിദ്യാഭ്യാസ വായ്പ

*2 [357] ശ്രീ പി. ജെ. ജോയി:
" വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" ബി. വിജയകുമാർ:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടുകൂടാതെ വിദ്യാഭ്യാസ വായ്പകൾ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതനുസരിച്ച് അവ എത്ര തുക ഈടില്ലാത്ത വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുണ്ട്;

(സി) ഇപ്രകാരം നൽകിയ തുക അവയുടെ ആകെയുള്ള നിക്ഷേപത്തിന്റെ എത്ര ശതമാനം വരുമെന്ന് പറയുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ,

(എ) നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഈടുകൂടാതെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 13.10 ലക്ഷം രൂപയും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് രക്ഷാകർത്താക്കളുടെ ജാമ്യത്തിൽ 143.63 ലക്ഷം രൂപയും വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 0.01 ശതമാനവും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് 0.43 ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly